# രാഷ്ട്രവും-രാഷ്ട്രതന്ത്രശാസ്ത്രവും SS1-9

**രാഷ്ട്രം എന്നാൽ എന്ത്?**
-ഒരു നിശ്ചിത ഭൂപ്രദേശത്ത്  സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം

**രാഷ്ട്രം എന്ന പദം ആദ്യമായി പ്രയോഗ്ച്ചത് ആര്?**
-നിക്കോളോ മാക്യവല്ലി
**ഒരു രാഷ്ട്രത്തിന് വേണ്ട അവശ്യഘടകങ്ങൾ ഏവ?**
-ജനങ്ങൾ,
-ഭൂപ്രദേശം,
-ഗവൺമെന്റ്,
-പരമാധികാരം എന്നിവയാണ് ഒരു രാഷ്ട്രത്തിന് വേണ്ട അവശ്യഘടകങ്ങൾ.

**രാഷ്ട്രത്തിന്റെ അവശ്യഘടകമായ ജനങ്ങളുടെ സവിശേഷതകൾ വിവരിക്കുക.**
-രാഷ്ട്ര രൂപീകരണത്തിന് അനിവാര്യമായ ഘടകമാണ് ജനങ്ങൾ.
-സ്ഥിരതാമസമാകാതെ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന ജനങ്ങളാണ് രാഷ്ട്രത്തിന് രൂപം നൽകിയത്.
-പരസ്പര ധാരണ, പരസ്പരാശ്രയത്വം, പൊതുതാൽപര്യം എന്നിവ അടിസ്ഥാനമാക്കി ജനങ്ങൾ ജീവിക്കുമ്പോൾ രാഷ്ട്രം രൂപം കൊള്ളുന്നു.
-രാഷ്ട്ര രൂപികരിക്കുന്നതിനാവശ്യമായ ജനങ്ങളുടെ എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല.
-അമിത ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്ര പുരോഗതിയെ ബാധിക്കുന്നു.
-ജനങ്ങളെല്ലാം ഒരേമതത്തിൽ പ്പെട്ടവരോ ഒരേ ഭാഷസംസാരിക്കുന്നവരോ ഒരേ ആചാരങ്ങൾ പിന്തുടരുന്നവരോ ആകണമെന്നില്ല.

**അമിത ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്ര പുരോഗതിയെ എങ്ങനെയാണ് പ്രതികൂലമായി ബാധിക്കുന്നത്?**
-ജനസംഖ്യ കുറവാണെങ്കിൽ പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കുവാൻ കഴിയാത്തതിനാൽ രാഷ്ട്ര പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.
-അത്തരം രാഷ്ട്രങ്ങൾ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നു.
-അമിത ജനസംഖ്യ തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണമാകുന്നു.
-ഇതും രാഷ്ട്രപുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.
**രാഷ്ട്രത്തിന്  ഏറ്റവും അവശ്യഘടകമായ ഭൂപ്രദേശത്തിനുള്ള സവിശേഷതകൾ എന്തെല്ലാം?**
-രാഷ്ട്ര രൂപീകരണത്തിന് അതിരുകളോടു കൂടിയ ഭൂപ്രദേശം അനിവാര്യമാണ്.
-ജനങ്ങൾ നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരതാമസമാകുമ്പോൾ രാഷ്ട്രം രൂപീകരിക്കപ്പെടുന്നു.
-ഭൂപ്രദേശമേഖലയിൽ രാഷ്ട്രത്തിന് പൂർണമായ നിയന്ത്രണം ഉണ്ടാവണം.
-ഭൂപ്രദേശമെന്നാൽ കര, വായു, ജല മേഖലകൾ ഉൾപ്പെടും.
-ഭൂപ്രദേശത്തിന്റെ വലിപ്പം രാഷ്ട്രരൂപീകരണത്തിന് പ്രധാനമല്ല.

**ഒരു രാഷ്ട്രത്തിനു വേണ്ട ഏറ്റവും പ്രധാന ഘടകമെന്നനിലയിൽ ഗവൺമെന്റിനുള്ള പ്രാധാന്യം എന്ത്? (ഗവൺമെന്റിന്റെ ചുമതലകൾ ഏവ?)**
-രാഷ്ട്രത്തിനുവേണ്ടി നിയമങ്ങൾ നിർമ്മിക്കുന്നു നടപ്പാക്കുന്നു.
-നീതി ഉറപ്പാക്കുന്നു.
-ക്രമസമാധാനം ഉറപ്പുവരുത്തുന്നു.
-തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നു.
-വികസന പദ്ധതികൾ നടപ്പാക്കുന്നു.
-തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുന്നു.
-രാഷ്ട്രത്തിനുവേണ്ടി എല്ലാചുമതലകളും നിർവ്വഹിക്കുന്നു.
-വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത ഗവൺമെന്റുകൾ നിലനിൽക്കുന്നു.
-ഗവൺമെന്റ്മാറിയാലും രാഷ്ട്രം മാറുന്നില്ല.

BIJU K K, SOCIAL SCIENCE, GHS TUVVUR

**രാഷ്ട്രത്തിന്റെ പരമാധികാരത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുക.**
–രാഷ്ട്ര രൂപീകരണത്തിന് പരമപ്രധാനമായ ഘടകമാണ് പരമാധികാരം.
–മറ്റു സ്ഥാപനങ്ങളിൽ നിന്നും രാഷ്ട്രത്തെ വ്യത്യസ്തമാക്കുന്നത് പരമാധികാരമാണ്.
–പരമാധികാരത്തിന് അഭ്യന്തരവും ബാഹ്യവുമായ തലങ്ങളുണ്ട്.
–അഭ്യന്തരവും ബാഹ്യവുമായ വിഷയങ്ങളിൽ സ്വതന്ത്രമായി തിരുമാനമെടുക്കുന്നതിനുള്ള അധികാരമാണ് പരമാധികാരം.
–പരമാധികാരം വിഭജിക്കാൻ കഴിയില്ല.
–പരമാധികാരം വിഭജിച്ചാൽ പുതിയ രാഷ്ട്രരൂപീകരണത്തിന് കാരണമാവും.

**രാഷ്ട്രത്തിന്റെ പരമാധികാരത്തിന്റെ അഭ്യന്തരവും ബാഹ്യവുമായ തലങ്ങൾ വ്യക്തമാക്കുക.**

<u>പരമാധികാരത്തിന്റെ ആഭ്യന്തര തലം:–</u>
–ഒരു രാഷ്ട്രത്തിന്റെ ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം.
<u>പരമാധികാരത്തിന്റെ ബാഹ്യതലം:–</u>
–അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായി തീരുമാനമെടുക്കാനുള്ള അധികാരം.

**രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ് എന്ന്പറഞ്ഞതാര്?**
–ജെർമി ബന്താം

**രാഷ്ട്രത്തിന്റെ ചുമതലകളെ എങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്?**
–<u>നിർബന്ധിത ചുമതലകൾ</u>
<u>–വിവേചന ചുമതലകൾ</u>

**രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകളും വിവേചന ചുമതലകളും എന്താണെന്നും, അവയുടെ പ്രധാന്യവും വ്യക്തമാക്കുക.**

**നിർബന്ധിത ചുമതലകൾ**
–നിർബന്ധിത ചുമതലകളിൽ നിന്നും രാഷ്ട്രത്തിനു മാറിനിൽക്കാൻ കഴിയില്ല.
–നിർബന്ധിതചുമതലകൾ നിർവ്വഹിക്കാത്തപക്ഷം ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നഷ്ടമാവുന്നു.
–അതിർത്തി സംരക്ഷണം, ആഭ്യന്തര സമാധാനം, അവകാശ സംരക്ഷണം, നീതിനടപ്പാക്കൽ എന്നിവ പ്രധാനപ്പെട്ട നിർബന്ധിത ചുമതലകളാണ്.

**വിവേചന ചുമതലകൾ**
–രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവ്വഹിക്കേണ്ട ചുമതലകളാണ് വിവേചന ചുമതലകൾ.
–ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതം സാധ്യമാക്കുന്നു.
–ആരോഗ്യ സംരക്ഷണം നൽകുക, വിദ്യഭ്യാസ സൗകര്യം ഒരുക്കുക, ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുക, ഗതാഗതസൗകര്യങ്ങൾ ഒരുക്കുക എന്നിവ ചില വിവേചന ചുമതലകളാണ്.

**രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ ഏവ?**
–ദൈവദത്ത സിദ്ധാന്തം,
–പരിണാമസിദ്ധാന്തം (ഏറ്റവും സ്വീകാര്യമായത്),
–സാമൂഹികഉടമ്പടി സിദ്ധാന്തം,
–ശക്തി സിദ്ധാന്തം.
**രാഷ്ട്രരൂപീകരണത്തിന്റെ പരിണാമസിദ്ധാന്തത്തെക്കുറിച്ച് വിശദമാക്കുക.**
–രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങളിൽ ഏറ്റവും സ്വീകാര്യമായത് പരിണാമസിദ്ധാന്തമാണ്.
–രാഷ്ട്രം വിവിധസാഹചര്യങ്ങളുടെ സ്വാധീന ഫലമായി രൂപംകൊള്ളുകയും വിവിധ വികാസ പരിണാമങ്ങളിലൂടെ ഇന്നത്തെ രൂപത്തിൽ എത്തുകയും ചെയ്തുയെന്ന് പരിണാമസിദ്ധാന്തം വ്യക്തമാക്കുന്നു.
–ഗോത്രം, ഗോത്രഭരണം എന്നിവയിൽ തുടങ്ങി നഗരരാഷ്ട്രം, സാമ്രാജ്യത്വരാഷ്ട്രങ്ങൾ, ഫ്യൂഡൽ രാഷ്ട്രം എന്നിങ്ങനെ രാഷ്ട്രം വ്യത്യസ്ത രൂപത്തിൽ നിലനിന്നിരുന്നു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-ഇന്ന് രാഷ്ട്രങ്ങൾ ദേശരാഷ്ട്രങ്ങൾ എന്നറിയപ്പെടുന്നു.
-പൊതുവായ ദേശീയകാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതിനാൽ ഇന്നത്തെ രാഷ്ട്രങ്ങളെ ദേശരാഷ്ട്രങ്ങൾ എന്ന് വിളിക്കുന്നു.

**പൗരത്വം-അരിസ്റ്റോട്ടിലിന്റെ അഭിപ്രായം എന്ത്?**
-ഒരു രാഷ്ട്രത്തിന്റെ നിയമനിർമാണ നടപടികളിലും നീതിനിർവഹണത്തിലും പങ്കെടുക്കാൻ അധികാരമുള്ള ഏതു വ്യക്തിയെയും ആ രഷ്ട്രത്തിലെ പൗരൻ എന്ന് വിളിക്കാം.
**എന്താണ് പൗരത്വം?**
-ഒരു രാജ്യത്തെ പൂർണവും തുല്ല്യവുമായ അംഗത്വമാണ് പൗരത്വം.
**പൗരത്വത്തിന്റെ സവിശേഷതകൾ എന്തെല്ലാം?**
-പൗരത്വം ഒരു വ്യക്തിയെ രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും അനുഭവിക്കാൻ പ്രാപ്തനാക്കുന്നു.

**രണ്ട്തരത്തിലുള്ള പൗരത്വങ്ങൾ എന്തെന്ന് വിശദമാക്കുക.**
**സ്വാഭാവിക പൗരത്വം**
-ജന്മനാലഭിക്കുന്ന പൗരത്വമാണ് സ്വാഭാവിക പൗരത്വം.
**ആർജിത പൗരത്വം**
-ഒരു രാജ്യത്തെ നിലവിലുള്ള നിയമാവുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വമാണ് ആർജിത പൗരത്വം.
**പൗരനും വിദേശിയും തമ്മിലുള്ള വ്യത്യസം എന്തെല്ലാം?**
-പൗരന് രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും ഉണ്ട്,
-പൗരന് തെരഞ്ഞെടുപ്പിൽ മത്സരിക്കാം, വോട്ടുചെയ്യാം, രാഷ്ട്രീയപ്രവർത്തനം നടത്താം,
-എന്നാൽ പൗരന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും വിദേശിക്ക് ലഭിക്കില്ല.
**രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പിതാവ് ആര്?**
-അരിസ്റ്റോട്ടിൽ
**അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ എന്താണ് രാഷ്ട്രതന്ത്ര ശാസ്ത്രം?**
"രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രശ്സ്ത്രം".

**രാഷ്ട്രതന്ത്ര ശാസ്ടത്തിന് സംഭാവനകൾ നൽകിയ പ്രധാനപ്പെട്ട വ്യക്തികൾ ആരെല്ലാം?**
-അരിസ്റ്റോട്ടിൽ, -സോക്രട്ടീസ്, - പ്ലേറ്റോ

**നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിത ഫലം നിങ്ങളേക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ്. ഇങ്ങനെ അഭിപ്രായപ്പെട്ടത് ആര്?**
-പ്ലേറ്റോ

**രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പഠനമേഖലകൾ ഏവ?**
-പൊതുഭരണം,
-രാഷ്ട്രീയസിദ്ധാന്തങ്ങൾ,
-അന്തർദേശീയ രാഷ്ട്രീയം,
-താരതമ്യ രാഷ്ട്രീയം.
**രാഷ്ട്രതന്ത്രശാസ്ത്രപഠനം എന്തിന്?**
-ജനങ്ങളിൽ പൗരബോധം വളർത്തുന്നതിന്,
-സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളിൽ യുക്തിപൂർവം ഇടപെടാൻ,
-മെച്ചപ്പെട്ട രാഷ്ട്രീയ വ്യവസ്ഥക്ക് രൂപം നൽകാൻ,
-അവകാശ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കാൻ,
-രാഷ്ട്രത്തോടുള്ള കടമ നിറവേറ്റാൻ.

**9778300200**

BIJU K, HSA SOCIAL SCIENCE, GHS TUVVUR